62716/CE-ASST-3/2024/PB
08.11.2024

# ഗ്രാജ്വേഷൻ സെറിമണി (പി ജി) - 2024

കാലിക്കറ്റ് സർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽനിന്നും സർവകലാശാല ഡിപ്പാർട് മെന്റുകളിൽനിന്നും വിദൂര വിദ്യാഭ്യാസം വഴിയും 2024 വർഷം ബിരുദാനന്തര ബിരുദപ്രോഗ്രാം വിജയകരമായി പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് അംഗീകാരമായി ഗ്രാജ്വേഷൻ സെറിമണി (പി ജി) സംഘടിപ്പിക്കുന്നതിന് സർവ്വകലാശാല തീരുമാനിച്ചിരിക്കുന്നു. 2024 വർഷം വിവിധ പി ജി പ്രോഗ്രാമുകളിൽ വിജയം കൈവരിച്ച വിദ്യാർത്ഥികൾക്ക് ചടങ്ങിലേക്ക് ഇപ്പോൾ അപേക്ഷിക്കാവുന്നതാണ്.

**ഗ്രാജ്വേഷൻ സെറിമണിയിൽ പങ്കെടുക്കുന്നതിന് രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾ താഴെ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.**

1. വിവിധ പി ജി കോഴ്സുകളിൽ 2022 ൽ പ്രവേശനം നേടിയതും 2024 ൽ കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതുമായ വിദ്യാർത്ഥികൾക്ക് മാത്രമേ Graduation Ceremony (PG) യിലേക്ക് രജിസ്ട്രേഷന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

2. നിലവിൽ പുനർമൂല്യനിർണയത്തിന് അപേക്ഷിച്ച ഫലം കാത്തു നിൽക്കുന്നവരും പുനർമൂല്യനിർണയത്തിന് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവരും രജിസ്റ്റർ ചെയ്യുവാൻ പാടുള്ളതല്ല.

3. വരാനിരിക്കുന്ന പരീക്ഷകളിൽ ഇമ്പ്രൂവ്മെന്റ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന വിദ്യാർത്ഥികളും ഏതെങ്കിലും വിഭാഗത്തിൽ ഗ്രേസ് മാർക്ക് ചേർക്കുവാൻ ബാക്കിയുള്ള വിദ്യാർത്ഥികളും ഈ ചടങ്ങിലേക്ക് രജിസ്ട്രേഷൻ നടത്തുവാൻ പാടുള്ളതല്ല.

4. ഗ്രാജ്വേഷൻ സെറിമണിയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ ഫീസ് ആയി **2000 രൂപ (രണ്ടായിരം രൂപ മാത്രം )** അടയ്ക്കേണ്ടതാണ്.

<u>**ലഭ്യമാകുന്ന സേവനങ്ങൾ**</u>

- ബിരുദാനന്തര ബിരുദ സർട്ടിഫിക്കറ്റ് സെനറ്റ് അവാർഡ് ചെയ്ത ഉടനെ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നു.
- സർട്ടിഫിക്കറ്റ് ഒരു ചടങ്ങിൽ വെച്ച് നേരിട്ട് കൈപ്പറ്റുന്നതിനു അവസരം.
- ചടങ്ങിന്റെ You Tube Live സംപ്രേക്ഷണം.
- പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ സ്വീകരിക്കുന്നതിന്റെ ഫോട്ടോ ലഭ്യമാക്കുന്നു.
- ചടങ്ങിൽ ധരിക്കുന്നതിനുള്ള അക്കാഡമിക് റോബ് ലഭ്യമാക്കുന്നു.
- ഫോട്ടോ എടുക്കുന്നതിനുള്ള സെൽഫി പോയിന്റ്

5. പ്രസ്തുത ചടങ്ങിലേക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള ലിങ്ക് 08 /11 /2024 മുതൽ 15.11.2024 വരെ സർവ്വകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ (https://www.uoc.ac.in) ലഭ്യമായിരിക്കും. ചടങ്ങിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള വിദ്യർത്ഥികൾ യഥാസമയം രജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ടതാണ് .

6. രജിസ്ട്രേഷൻ വിജയകരമായി പൂർത്തീകരിച്ചതിനു ശേഷം ലഭ്യമാകുന്ന പ്രിന്റ് ഔട്ട് യൂണിവേഴ്സിറ്റിയിലേക്ക് അയക്കേണ്ടതില്ല.

7. <u>**പ്രധാന തിയ്യതികളും മറ്റു വിവരങ്ങളും**</u>

- അപേക്ഷിക്കുന്നതിനുള്ള അവസാന തിയ്യതി : 15.11.2024
- ചടങ്ങു നടക്കുന്ന തിയ്യതി : **2024 ഡിസംബർ മാസം രണ്ടാം വാരം**
- ചടങ്ങിന്റെ തിയ്യതി വേദി സമയം മുതലായ വിവരങ്ങൾ എങ്ങനെ അറിയാം : വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കും, E mail/SMS മുഖേന അപേക്ഷകരെ അറിയിക്കും
- കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടാവുന്ന ഫോൺ നമ്പറുകൾ : **0494 2407200 / 0494 2407267 /0494 2407239**

Controller Of Examinations